പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *645 — 10.07.2014 ൽ മറുപടിക്ക്.

## ഖാദി വ്യവസായമേഖലയിൽ മിനിമം കൂലി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കെ. കെ. നാരായണൻ : | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഖാദി വ്യവസായമേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് നടപ്പിലാക്കിയത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഖാദി വ്യവസായമേഖലയിൽ അവസാനമായി മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് 08.01.2010 ലെ സർക്കാർ ഉത്തരവ് (കൈ) നം. 5/2010/തൊഴിൽ പ്രകാരമാണ്. |
| (ബി) മിനിമം കൂലി ഖാദി സ്ഥാപനങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. മിനിമം കൂലി ലഭിക്കുന്നില്ലായെന്ന പരാതികൾ ലഭിക്കുകയാണെങ്കിൽ അവ പരിശോധിച്ച്, മിനിമം കൂലി നല്കുന്നതിൽ വീഴ്ച വരുത്തുന്ന വർക്കെതിരെ, പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന്, തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെൻറ് വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. |
| (സി) ഖാദി തൊഴിലാളികളുടെ പ്രസ്തുത മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.